## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5995 — 04.11.2016-ൽ മറുപടിയ്ക്ക്

## 'കലവറ' വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി.സി.കെ. ആശ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള 'കലവറ' എന്ന ന്യായവില വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവും ഒരു പരിധിവരെ തടയുകയും അതുവഴി വീട് നിർമ്മിക്കുന്ന സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുമായി 2009-ൽ ആരംഭിച്ച പദ്ധതിയാണ് ന്യായവില വിപണന കേന്ദ്രങ്ങളായ കലവറ.<br><br>600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്കു ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. പുതിയ വീടിന്റെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവർത്തനങ്ങൾക്ക് നിർമ്മിതിയിൽ നിന്നും കമ്പി, സിമന്റ് എന്നിവ നല്കി വരുന്നു. കൂടാതെ അനധികൃതമായി കടത്തുമ്പോൾ പിടിച്ചെടുക്കുന്ന മണലും സർക്കാർ നിശ്ചയിച്ച നിരക്കിൽ കലവറയിൽ നിന്നും വിതരണം ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത ന്യായവില വിപണന കേന്ദ്രം ഗുണമേന്മയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്നുണ്ടോ; പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; | (ബി) കലവറകളിൽ നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം നടത്തുന്നില്ല. എന്നാൽ നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററിൽ കോൺക്രീറ്റ് കട്ടിളകൾ/ഇഷ്ടികകൾ, വാട്ടർ ടാങ്ക് തുടങ്ങിയവ ആവശ്യാനുസരണം ഉൽപാദിപ്പിക്കുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ പരിശോധനാശാലകളിൽ നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ പരിശോധിക്കുന്ന സംവിധാനം ഉണ്ട്. |
| (സി) ന്യായവില വിപണന കേന്ദ്രങ്ങൾ | (സി) നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ |

| | |
|---|---|
| എവിടെയൊക്കെയാണ് നിലവിലുള്ളത്; എല്ലാ ജില്ലകളിലേക്കും പ്രസ്തുത വിപണനകേന്ദ്രങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | താഴെപ്പറയുന്ന 8 ജില്ലകളിലായി 11 കലവറകൾ പ്രവർത്തിച്ചുവരുന്നു.<br><br>1. തിരുവനന്തപുരം - വട്ടിയൂർക്കാവ്, കാരോട്<br>2. കൊല്ലം - കല്ലുവാതിക്കൽ<br>3. പത്തനംതിട്ട - അടൂർ<br>4. കോട്ടയം - പാല<br>5. ഇടുക്കി - മുട്ടം<br>6. എറണാകുളം - കളമശ്ശേരി<br>7. പാലക്കാട് - പാലക്കാട്, ചിറ്റൂർ, അഗളി<br>8. കോഴിക്കോട് - കോഴിക്കോട്.<br>ഇതിനു പുറമേ ചുവടെയുള്ള നാലു ജില്ലകളിലായി പുതിയ 5 കലവറകൾ കൂടി ആരംഭിക്കുന്നുണ്ട്.<br><br>1. പത്തനംതിട്ട - കോഴഞ്ചേരി<br>2. കോട്ടയം - നീണ്ടൂർ, ഉദയനാപുരം<br>3. എറണാകുളം - എടക്കാട്ടുവയൽ<br>4. വയനാട് - മാനന്തവാടി.<br><br>കലവറകൾ ഇല്ലാത്ത ജില്ലകളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിലും കലവറകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ